**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1086** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത വിഷയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജക മണ്ഡലത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ മിച്ചഭൂമിയിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കിഴക്കഞ്ചേരി പഞ്ചായത്ത് പരിധിയിൽപ്പെട്ട മിച്ചഭൂമിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നില്ല.

**(ബി)** ഇവർക്ക് പട്ടയം അനുവദിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ എന്തൊക്കെയാണെന്നുള്ള വിവരങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ബാധകമല്ല.

**(സി)** ആലത്തൂർ നിയോജകമണ്ഡലത്തിലെ മേലാർകോട്ട പഞ്ചായത്ത് പരിധിയിലെ ജനങ്ങൾക്ക് വകുപ്പിൽ നിന്നുള്ള സേവനങ്ങൾ ലഭിക്കുന്നതിന് നിലവിൽ ഒരു വില്ലേജ് ഓഫീസാണ് നിലവിലുള്ളത്. ജനസംഖ്യാനുപാതികമായി പരിഗണിക്കുമ്പോൾ ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ പ്രസ്തുത പ്രദേശത്തെ ഒരു വില്ലേജ് ഓഫീസ് കൊണ്ട് സാധ്യമാണോ എന്ന വിഷയം പഠന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള വില്ലേജുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നാക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീടയർ സിസ്റ്റം, വികസന സാധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യങ്ങൾ എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ വില്ലേജുകൾ രൂപവത്ക്കരിക്കുകയോ വിഭജിക്കുകയോ ചെയ്യുന്നത്. അതിൻ പ്രകാരം പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ മേലാർകോട് വില്ലേജ് വിഭജിച്ച് ചിറ്റിലഞ്ചേരി ആസ്ഥാനമായി പുതിയ വില്ലേജ് രൂപീകരിക്കുന്നതിനുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പുതിയ വില്ലേജുകളുടെ രൂപീകരണം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്ന പൊതു നിലപാട് മുൻ സർക്കാർ കൈക്കൊണ്ടിട്ടുള്ളതാണ്. എന്നാൽ പുതിയ ജില്ലകളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്

പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുവാൻ സർക്കാർ നിലവിൽ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ കാര്യവും പരിശോധിക്കുന്നതാണ്.

**(ഡി)** പ്രസ്തുത പ്രദേശത്തെ വില്ലേജ് ഓഫീസ് വിഭജിച്ചുകൊണ്ട് പുതിയ ഒരു വില്ലേജ് ഓഫീസ് കൂടി അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**